"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ്- തിരുവനന്തപുരം താലൂക്കിൽ തിരുവല്ലം വില്ലേജിൽ റീസർവ്വേ 613 - ൽ 7 ഹെക്ടർ ഭൂമിയിൽ നിന്നും കേരള ഫിഷറീസ് യുണിവേഴ്സിറ്റിക്ക് കൈമാറിയ 10 ഏക്കർ ഭൂമിയിൽ കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ജിയോ ടെക്നിക്കൽ ഡിവിഷൻ മുഖാന്തിരം സാങ്കേതിക പഠനം നടത്തുന്നതിന്- തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ)വകുപ്പ്**

സ.ഉ.(സാധാ) നം.120/2024/DMD തീയതി,തിരുവനന്തപുരം, 30-01-2024

---

പരാമർശം:-

1.തിരുവനന്തപുരം ജില്ലാകളക്ടറുടെ 28/12/2021, 18/08/2022-തീയതികളിലെ എച്ച്5-52093/2017 നമ്പർ കത്ത്

2.മെമ്പർ സെക്രട്ടറി,സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 15/06/2022 ലെ MTO VI/192/2022-Admin നമ്പർ കത്ത്

3.തിരുവനന്തപുരം ജില്ലാകളക്ടറുടെ 24.07.2023 ലെ എച്ച്5-52093/2017 നമ്പർ കത്ത്

4.അപ്രൈസൽ കമ്മിറ്റിയുടെ 30/10/2023 ലെ യോഗത്തിന്റെ നടപടിക്കുറിപ്പ്

5.സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടിവ് കമ്മിറ്റി യോഗത്തിന്റെ 18/01/2024 ലെ യോഗ നടപടിക്കുറിപ്പ്

**<u>ഉത്തരവ്</u>**

തിരുവനന്തപുരം താലൂക്കിൽ തിരുവല്ലം വില്ലേജിൽ റീസർവ്വേ 613 - ൽ 7 ഹെക്ടർ ഭൂമിയിൽ നിന്നും കേരള ഫിഷറീസ് യുണിവേഴ്സിറ്റിക്ക് കൈമാറിയ 10 ഏക്കർ ഭൂമി റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കി ഉത്തരവായിട്ടുണ്ടെന്നും പ്രസ്തുത സ്ഥലത്ത് നിന്നും അപകടകരമായ രീതിയിൽ പാറകളും മരങ്ങളും വീണ് അപകട ഭീഷണിയുണ്ടെന്നും ആയത് പരിഹരിക്കുന്നതിന് കോൺക്രീറ്റ് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമുള്ള പ്രദേശവാസികളുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ അപകടാവസ്ഥയിൽ നിൽക്കുന്ന പാറകളും മരങ്ങളും നീക്കം ചെയ്ത് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനായി 92 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് തുക അനുവദിക്കണമെന്ന് പരാമർശം പ്രകാരം തിരുവനന്തപുരം ജില്ലകളക്ടർ ആവശ്യപ്പെടുകയുണ്ടായി.

പ്രസ്തുത ചരിഞ്ഞ പ്രതലം വർഷങ്ങൾ കൊണ്ട് ആന്തരിക സ്ഥിരത കൈവരിച്ചിട്ടുണ്ടാകാം എന്നതിനാലും ഏതെങ്കിലും തരത്തിലുള്ള ഇളക്കം സംഭവിക്കുകയാണെങ്കിൽ മുഴുവൻ ചരിഞ്ഞ പ്രതലവും അസ്ഥിരമാകാനുള്ള സാധ്യത കൂടുതലാണെന്നതിനാലും തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ജിയോ ടെക്നിക്കൽ ഡിവിഷൻ മുഖേന സാങ്കേതിക പഠനം നടത്തുകയും ആയതിൽ അനുയോജ്യമായ ലാഗ്രാൻജിയൻ(Lagrangian method) മാതൃകയിലൂടെ ചരിവുകളും പാറകളുടെ മെക്കാനിക്സും പരിശോധിക്കേണ്ടതും പ്രസ്തുത റിപ്പോർട്ടും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ദുരന്ത ലഘൂകരണ നടപടികളും Structural Stability യുടെ അടിസ്ഥാനത്തിൽ CET അംഗീകരിക്കുകയാണെങ്കിൽ സംരക്ഷണ ഭിത്തി നിർമ്മിക്കാവുന്നതാണെന്നും മെമ്പർ സെക്രട്ടറി, ദുരന്ത നിവാർണ അതോറിറ്റി പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു,

തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ജിയോ ടെക്നിക്കൽ ഡിവിഷൻ മുഖാന്തിരം സാങ്കേതിക പഠനം നടത്തുന്നതിന് ജി.എസ്.റ്റി ഉൾപ്പെടെ 1,97,060/- രൂപ (ഒരു ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി അറുപത് രൂപ മാത്രം) അടവാക്കണമെന്ന് CET യിൽ നിന്ന് അറിയിച്ചിട്ടുണ്ടെന്നും പ്രസ്തുത

തുക അനുവദിക്കണമെന്ന് പരാമർശം(3) പ്രകാരം തിരുവനന്തപുരം ജില്ലാകളക്ടർ ആവശ്യപ്പെട്ടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം താലൂക്കിൽ തിരുവല്ലം വില്ലേജിൽ റീസർവ്വേ 613 -ൽ 7 ഹെക്ടർ ഭൂമിയിൽ നിന്നും കേരള ഫിഷറീസ് യുണിവേഴ്സിറ്റിക്ക് കൈമാറിയ 10 ഏക്കർ ഭൂമിയിൽ കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ജിയോ ടെക്നിക്കൽ ഡിവിഷൻ മുഖാന്തിരം സാങ്കേതിക പഠനം നടത്തുന്നതിന് ആവശ്യമായ 1,97,060/- രൂപ (ഒരു ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി അറുപത് രൂപ മാത്രം) (ജി.എസ്.റ്റി ഉൾപ്പെടെ) 2245-07-101-98 NV SDMF- Non Structural Mitigation എന്ന ശീർഷകത്തിൽ നിന്ന് തിരുവനന്തപുരം ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു. സാങ്കേതിക പഠനം സമയബന്ധിതമായി പൂർത്തീയാക്കി റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി തിരുവനന്തപുരം ജില്ലാകളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയചന്ദ്രൻ എ
അണ്ടർ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),(എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ,ദുരന്ത നിവാരണം
ജില്ലാകളക്ടർ,തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sivaprasad V N
സെക്ഷൻ ഓഫീസർ
Date: 30-01-2024 14:52:56